(സി) അതിർത്തി രേഖപ്പെടുത്തുന്നതിന് സമുദ്രത്തിൽ ബോയകളും ഇട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഇപ്രകാരം ബോയകളും ഇട്ട് അതിർത്തി രേഖപ്പെടുത്താത്തതുകൊണ്ട് ബോട്ടുകളും വള്ളങ്ങളും അതിർത്തി അതിക്രമിച്ച് കടക്കുന്നതായും തൊഴിലാളികൾ തമ്മിൽ സംഘട്ടനത്തിനിടയാക്കുന്നതായും ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ബോയകളും ഇടാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) ഉണ്ട്.

(ബി) 13.10.1978 ലെ ജി.ഒ. (ആർ.ടി) 1852/78/ഡിഡി പ്രകാരം യന്ത്രവൽകൃത ബോട്ടുകൾ തീരക്കടലിൽ അഞ്ചുകിലോമീറ്ററിനുപുറത്തും 25 ടണ്ണിൽ കൂടുതൽ ഭാരമുള്ള വലിയതരം ബോട്ടുകൾ തീരക്കടലിൽ പത്തുകിലോമീറ്ററിനുപുറത്തും മാത്രമേ മൽസ്യബന്ധനം നടത്താവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ബോയകൾ ഇപ്പോൾ ഇട്ടിട്ടില്ല. കാരണം ഇപ്രകാരം ബോയകൾ കടലിൽ ഇട്ട് ദൂരം നിർണ്ണയിക്കുന്നതിന് കേന്ദ്ര ഗവൺമെൻറിൻകീഴിൽ പ്രവർത്തിക്കുന്ന മർക്കൻറയിൻ മറൈൻ ഡിപ്പാർട്ടുമെൻറിന്റെ അനുവാദം ആവശ്യമാണ്.

(ഡി, ഇ) നാടൻ തോണിക്കാരും യന്ത്രവൽകൃത ബോട്ടുകാരും തമ്മിൽ ചില സംഘട്ടനങ്ങൾ നടന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇതു തടയുന്നതിനായി കടലിൽ പെട്രോൾ ഡ്യൂട്ടി ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്പീഡ് ബോട്ടുകളും ടഗ്ഗുകളും ഈ ആവശ്യത്തിലേക്കായി പോലീസ് ഡിപ്പാർട്ടുമെൻറിന് നൽകുന്നതിനു വേണ്ട നിർദ്ദേശങ്ങൾ പോർട്ടു ഡയറക്ടർക്കും ഫിഷറീസ് ഡയറക്ടർക്കും ആഭ്യന്തരവകുപ്പിൽനിന്നും നൽകിയിട്ടുണ്ട്. മൽസ്യത്തൊഴിലാളി സംഘട്ടനങ്ങൾ ഉണ്ടാകാതിരിക്കാൻ കടലിൽ ബോയകൾ ഇടുന്നകാര്യം ആലോചിക്കുന്നതാണ്.

ഇൻഡോ-പോം കമ്പനി റിപ്പോർട്ട്

*240 [254] ശ്രീ. ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡോ-പോം കമ്പനിയുടെ 1968-69-ലെ റിപ്പോർട്ടിൽ സംസ്ഥാനത്തെ എത്ര പോർട്ടുകൾ ഫിഷിംഗ് ഹാർബറുകളായി വികസിപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു;

(ബി) ഏതെല്ലാം;

(സി) പ്രസ്തുത നിർദ്ദേശമനുസരിച്ച് എന്തു നടപടി സ്വീകരിച്ചു?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) 6 (ആറ്)

(ബി) നീണ്ടകര, അഴീക്കോട്, ബേപ്പൂർ, അഴീക്കൽ, പൊന്നാനി എന്നീ പോർട്ടുകളും, 'തലായി' ഫിഷിംഗ് ഹാർബറും.

(സി) മേൽപറഞ്ഞ ഫിഷിംഗ് ഹാർബറുകൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly